## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത 521-ാം നമ്പർ ചോദ്യം 11.06.2013 -ലെ മറുപടിക്ക്

### സബ്സിഡികൾ പണമായി നൽകൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.മുഹമ്മദുണ്ണി ഹാജി<br>ശ്രീ. പി. ഉബൈദുള്ള<br>ശ്രീ. വി.എം.ഉമ്മർ മാസ്റ്റർ<br>ശ്രീ. സി. മമ്മൂട്ടി | ബഹു. ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പു മന്ത്രി<br>ശ്രീ. കെ.എം.മാണി |
| (എ) സാധാരണക്കാർക്കുള്ള സബ്സിഡികൾ പണമായി നൽകുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) സബ്സിഡികൾ ബാങ്കുകൾ വഴി പണമായി നൽകുന്ന രീതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ വിവിധ തലങ്ങളിൽ നടന്നുവരുന്നു. ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകൾ ശേഖരിക്കുക, അവർക്ക് ആധാർ നമ്പരുകൾ നൽകുക, ആധാർ നമ്പരിനെ ബാങ്ക് അക്കൗണ്ടുമായി ബന്ധിപ്പിക്കുക എന്നീ നടപടികൾ പുരോഗമിക്കുകയാണ്. ഈ പ്രക്രിയകൾ പൂർത്തിയാകുന്ന മുറയ്ക്ക് സബ്സിഡികൾ ബാങ്കുകൾ വഴി വിതരണം ചെയ്യുന്നതാണ്. |
| (ബി) ഏതൊക്കെ തരത്തിലുള്ള സബ്സിഡികളും ആനുകൂല്യങ്ങളുമാണ് പണമായി ഗുണഭോക്താക്കൾക്ക് നൽകാൻ ലക്ഷ്യമിടുന്നതെന്ന് വെളിപ്പെടുത്തുമോ; | (ബി) റേഷൻ സബ്സിഡി, കാർഷിക സബ്സിഡി, എൽ.പി.ജി. സബ്സിഡി എന്നിവയാണ് ബാങ്കുകൾ വഴി പണമായി നൽകാൻ ഉദ്ദേശിക്കുന്നത്. |
| (സി) ഇതുകൊണ്ട് ഉദ്ദേശിക്കുന്ന പ്രയോജനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (സി) യഥാർത്ഥ ഗുണഭോക്താക്കൾക്ക് യഥാസമയം സബ്സിഡികൾ ലഭ്യമാക്കുക എന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. എൽ.പി.ജി സബ്സിഡിയുൾപ്പെടുന്ന വിവിധ സബ്സിഡികളുടെ ആനുകൂല്യങ്ങൾ അനർഹരായവർ കൈക്കലാക്കുന്നത് തടയുന്നതിനും സുതാര്യത ഉറപ്പു വരുത്തുന്നതിനും ഇതിലൂടെ സാധിക്കുന്നു. |
| (ഡി) സബ്സിഡി തുകകൾ ലഭിക്കുന്നതിലെ കാലതാമസം ഒഴിവാക്കാൻ എന്തൊക്കെ മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളത് ? | (ഡി)സബ്സിഡി തുകകൾ നൽകുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനുവേണ്ടി അവ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് നേരിട്ട് യഥാസമയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

(ഒപ്പ്)
സെക്ഷൻ ഓഫീസർ